കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

# ആര്യാട് ബ്ലോക്ക്പഞ്ചായത്ത്
# 2018-2019
# ഓഡിറ്റ് റിപ്പോർട്ട്

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/ബി.പി/791/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ ജില്ല

തീയതി.16.09.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആര്യാട് ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : ആര്യാട്ബ്ലോക്ക്പഞ്ചായത്ത് 2018 – 19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ

2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ), ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/ബി.പി/791/2019

# ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 20.12.2018 മുതൽ 29.07.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ബാബു റിയാസുദ്ദീൻ.എസ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 22.07.2019മുതൽ 29.07.2019 വരെ | ശ്രീ.രാജീവ് ആർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>ശ്രീ.പുഷ്പരാജ് വി.കെ, അസി. ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ശ്രീദേവി.ആർ, സീനി.ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. പ്രീത, ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

**1) പ്രസിഡന്റ്**

| | | |
|---|---|---|
| 1 | അഡ്വ.ഷീന സനൽകുമാർ | 01.04.2018 മുതൽ 31.03.2019വരെ |

**2) സെക്രട്ടറി**

| | | |
|---|---|---|
| 1 | ശ്രീ.സി.എഫ്.മെൽവിൻ | 01.04.2018 മുതൽ 07.06.2018 വരെ |
| 2 | ശ്രീമതി.സാജിത.എസ്(ജോയ്ന്റ് ബി.ഡി.ഒ) | 08.06.2018 മുതൽ 10.06.2018വരെ |
| 3 | ശ്രീ.ആർ.രജിത്ത് | 11.06.2018 മുതൽ 31.03.2019വരെ |

**3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ,എൻ.പി.സ്നേഹജൻ | 01.04.2018മുതൽ 31.03.2019 വരെ |
| 2 | വികസന കാര്യം | ശ്രീമതി.കൊച്ചുത്രേസ്യാ ജയിംസ് | 01.04.2018മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. ജയൻ തോമസ് | 01.04.2018മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യ - വിദ്യാഭ്യാസ കാര്യം | ശ്രീമതി.വിലഞ്ജിത ഷാനവാസ് | 01.04.2018മുതൽ 31.03.2019 വരെ |

4. **മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| | | | |
|---|---|---|---|
| 1 | അസിസ്റ്റന്റ് എക്സി.എഞ്ചിനിയർ | അപ്പൻ.എസ് | 01.04.2018മുതൽ 16.08.2018 വരെ |
| | | രാധാകൃഷ്ണൻ | 17.08.2018 മുതൽ 22.08.2018 വരെ |
| | | അശോകൻ റ്റി.എം | 23.08.2018മുതൽ 31.03.2019 വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | സിനി.എസ് | 01.04.2018മുതൽ 31.03.2019 വരെ |
| 3 | സി.ഡി.പി.ഒ. | റഷീദ ബീവി.എ | 01.04.2018മുതൽ 31.07.2018 വരെ |
| | | സ്വപ്ന സലിം | 01.08.2018 മുതൽ 09.08.2018വരെ |
| | | ലിഷ സേവ്യർ | 10.08.2018മുതൽ 31.03.2019 വരെ |
| 5 | കൃഷി അസി.ഡയറക്ടർ | സഫീന.കെ.എസ്. | 01.04.2018മുതൽ 31.03.2019വരെ |
| 6 | മെഡിക്കൽ ഓഫീസർ, ചെട്ടികാട് | ഡോ.കരോൾ പിനെറോ | 01.04.2018മുതൽ 30.04.2018വരെ |
| | | ഡോ.കാർത്തിക.എം. | 01.05.2018 മുതൽ 31.03.2019വരെ |
| 7 | മെഡിക്കൽ ഓഫീസർ, മുഹമ്മ | ഡോ. ശ്രീദേവി.എസ് | 01.04.2018മുതൽ 31.03.2019 വരെ |
| 8 | എസ്.സി.ഡി.ഒ. | അനൂപ.റ്റി.പി | 01.04.2018മുതൽ .31.03.2019 വരെ |
| 9 | ക്ഷീര വികസന ഓഫീസർ | യു.അക്ബർഷാ | 01.04.2018മുതൽ 03.10.2018 വരെ |
| | | ശ്രീജ.എസ് | 04.10.2018മുതൽ 11.12.2018വരെ |
| | | കെ.രാജി | 12.10.2018മുതൽ 31.03.2019വരെ |
| 10 | വ്യവസായ വികസന ഓഫീസർ | സിബിമോൾ.റ്റി.എസ് | 01.04.2018മുതൽ 31.03.2019വരെ |

**ഉള്ളടക്കം**


| ക്രമനം. | ഖണ്ഡിക നം. | ഇനം. |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-9 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |

| | | |
|---|---|---|
| 2 | 2-1 | ഇ-ടെണ്ടർ ഫീസ്- ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല. |
| ഭാഗം – 3 | | |
| 3 | 3-1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല. |
| 4 | 3-2 | സെക്യൂരിറ്റി ജീവനക്കാർക്ക് ഹോണറേറിയം നൽകിയത് ക്രമപ്രകാരമല്ല. |
| 5 | 3-3 | ഹരിത പെരുമാറ്റച്ചട്ട വ്യാപനം - പ്രോജക്ടിനായി വാങ്ങിയ സാധനങ്ങൾ വിതരണം നടത്തിയിട്ടില്ല. |
| 6 | 3-4 | അർഹതാ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 7 | 3-5 | സബ്സിഡി കൈപ്പറ്റിയ ഗ്രൂപ്പുകൾ തുടർ പ്രവർത്തനം നടത്തുന്നില്ല |
| 8 | 3-6 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവഹണം നടത്തിയ മരുന്നു വാങ്ങൽ പ്രോജക്ട്.- മരുന്ന് ലഭ്യമായില്ല . |
| 9 | 3-7 | ക്ഷീര വികസന ഓഫീസിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ - ടെണ്ടർ പരസ്യത്തിൽ സ്പെസിഫിക്കേഷൻ സൂചിപ്പിച്ചില്ല. |
| 10 | 3-8 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം- പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ |
| 11 | 3-9 | ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| ഭാഗം – 4 | | |
| 12 | 4-1മുതൽ 4-11 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 13 | അനുബന്ധം - 1 | |
| 14 | അനുബന്ധം - 2 | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26.02.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 22,15,74,503 | 22,13,01,803 |
| വാർഷിക കണക്ക് പ്രകാരം | 5,67,88,934 | 5,78,83,812 |

ബജറ്റ പ്രകാരം കണക്കാക്കിയിരുന്ന വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവ് ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**1-2 വാർഷിക ധനകാര്യപത്രിക.**

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 21.05.2019 |

**1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.**

ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-4 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 11150688 |
| വരവ് | 56788934 |
| ആകെ | 67939622 |
| ചെലവ് | 57883812 |
| നീക്കിയിരിപ്പ് | 10055810 |

**1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)**

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 33892000 | 33892000 | 29853748 | - |
| വികസനഫണ്ട് എസ്.സി.പി. | | 6490000 | 6490000 | 6236892 | - |
| വികസനഫണ്ട് ടി.എസ്.പി. | | 458000 | 458000 | 458000 | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 4021000 | 4021000 | 3716491 | - |
| ടോട്ടൽ സാനിട്ടേഷൻ | 831217 | 632525 | 1463742 | 589805 | 873937 |
| ട്രഷറി ടി.എസ്.ബി(ജനറൽ പർപ്പസ്) | 636697 | 4012000 | 4648697 | 4248071 | 400626 |
| ട്രഷറി ടി.എസ്.ബി. ജോയിന്റ് വെഞ്ചർ | -1360000 | 7068308 | 5708308 | 4202741 | 1505567 |
| ജി.എസ്.റ്റി | 0 | 12538 | 12538 | 11779 | 759 |

| | | | | | |
|---|---|---|---|---|---|
| മിസലേനിയസ് അക്കൗണ്ട് | 1626894 | 76395 | 1703289 | 14850/- | 1688439 |
| കോർപ്പറേഷൻ ബാങ്ക് ചെട്ടികാട് | 41486 | 1471 | 42957 | 0 | 42957 |
| IAY-ADMN | 6031 | 25988 | 32019 | 17306 | 14713 |
| ഫെഡറൽ ബാങ്ക് ഐ.ആർ.ഡി.പി. | 25352 | 900 | 26252 | 0 | 26252 |
| SIGN | 4258 | 151 | 4409 | 0 | 4409 |
| IAY(plan) | 9338423 | 936704 | 10275127 | 4786902 | 5488225 |
| ഇ.എം.എസ്.ഹൗസിംഗ് | 330 | 0 | 330 | 50 | 280 |
| എം.കെ.എസ്.പി | 0 | 9646 | 9646 | 0 | 9646 |

**1-6 പദ്ധതി അവലോകനം.**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| മേഖല | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|---|
| ഉത്പാദനം | 7 | 8011095 | 7 | 6384332 | - | - | 100% |
| സേവനം | 65 | 40121524 | 52 | 30417879 | 8 | 5 | 80% |
| പശ്ചാത്തലം | 28 | 15864093 | 17 | 8560004 | 6 | 5 | 60% |
| | 100 | 63996712 | 76 | 45362215 | 14 | 10 | 76%. |

**1-7 ക്ഷേമ പദ്ധതികൾ**

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| മിശ്രവിവാഹിതർക്കുള്ള ധനസഹായം | 3,90,000/- | 13 |

**1-8 ആഭ്യന്തരനിയന്ത്രണം.**

പഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സ്ഥാപനത്തിലെ ജീവനക്കാരുടെ ജോലിവിഭജനം കൃത്യമായി രേഖപ്പെടുത്തുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

3. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

4. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

5. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

**1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.12.2018 | 2017-18 | 06.03.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.11.2015 | 01.07.2013 to 31.10.2015 | 16.12.2015 |

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ ഫീസ്- ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും(ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആര്യാട് ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ കറന്റ് അക്കൗണ്ട് (നം.37762482904 എസ്.ബി.ഐ.കലവൂർ) ആരംഭിച്ചിട്ടുണ്ട്.

ഇ-ടെണ്ടർ ഫീസിനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ലഭിക്കുന്ന തുക അതത് സ്ഥാപനത്തിന് അർഹമായ തുക തരംതിരിച്ച് നല്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതിനാലാണ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് നിർദേശം നല്കിയിട്ടുള്ളത്. അക്കൗണ്ട് ആരംഭിച്ചെങ്കിലും നാളിതുവരെയായും ഇ-ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ തുകകൾ ഈ അക്കൗണ്ടിലേക്ക് ലഭിച്ചിട്ടില്ല. ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് ഇപ്പോഴും ഈയിനത്തിലുള്ള തുകകൾ നിക്ഷേപിക്കപ്പെടുന്നത്. പഞ്ചായത്തിന് അർഹമായ തുക ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല.

പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് പഠനത്തിന് പ്രോത്സാഹനം എന്ന നിലയിൽ പഠനമുറി നിർമ്മിക്കുന്നതിന് ആനുകൂല്യം നല്കുന്നതിനായി 2018-19 – ൽ പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടാണിത്. ഗുണഭോക്താക്കൾ യഥാസമയം പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കുകയെന്ന പ്രോജക്ട് ലക്ഷ്യം കൈവരിക്കാനായില്ല.

*<u>പ്രോജക്ട് വിശദാംശം</u>*

പ്രോ നം.: 42/19

അടങ്കൽ: 12,00,000/- (വികസന ഫണ്ട് എസ്.സി.പി)

ചെലവ്: 1025,000/- രൂപ

1. ബിൽ നം. 11/18-19/ 16.11.18- 2,50,000/-

2. ബിൽ നം. 12/18-19/ 30.11.18- 1,00,000/-

3.ബിൽ നം. 13/18-19/ 22.12.18- 50,000/-

4. ബിൽ നം. 18/18-19/ 19.01.19- 3,05,000/-

5. ബിൽ നം. 26/18-19/ 15.03.18- 80,000/-

6. ബിൽ നം. 27/18-19/ 15.03.19- 90,000/-

7. ബിൽ നം. 32/18-19/ 25.03.19- 75,000/-

8. ബിൽ നം.31/18-19/25.03.19 – 75,000/-

ടി പ്രോജക്റ്റ് പ്രകാരം 8 ഗുണഭോക്താക്കൾക്ക് സബ്സിഡി നല്കിയതിൽ 5 പേർ പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കി രണ്ട് ലക്ഷം രൂപ വീതം കൈപ്പറ്റിയിട്ടുണ്ട്. 3 പേർ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ സബ്സിഡി |
|---|---|---|
| 1 | ഹരിദാസൻ | 100000 |
| 2 | പ്രവീൺ | 50000 |
| 3 | ശാന്തലേ | 75000 |

ടി ഗുണഭോക്താക്കൾക്ക് നിർമ്മാണം പൂർത്തിയാക്കാനാകുന്നില്ലെങ്കിൽ നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ലഭ്യമാക്കും വരെ ചെലവഴിച്ച 225,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-2 സെക്യൂരിറ്റി ജീവനക്കാർക്ക് ഓണറേറിയം നൽകിയത് ക്രമപ്രകാരമല്ല.

സർക്കാർ ഉത്തരവ് (കൈ)നം.22/2018 ത സ്വ ഭ വ തീ-14.02.2018 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക – 8-10 പ്രകാരം പ്രോജക്റ്റിൽ തുക വകയിരുത്തി ശമ്പളമോ ഓണറേറിയമോ നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ മേഖലയിൽ പി.എച്ച്.സി, സി.എച്ച്.സികളിൽ നിയോഗിക്കുന്ന ഡോക്ടർമാർ, പാരാ മെഡിക്കൽ സ്റ്റാഫ്, ലാബ് ടെക്നീഷ്യൻമാർ എന്നിവർക്ക് മാത്രമാണ് പ്രോജക്റ്റിൽ തുക വകയിരുത്തി ശമ്പളമോ ഓണറേറിയമോ നൽകുന്നതിന് അനുമതിയുള്ളത്. എന്നാൽ ആര്യാട് ബ്ലോക്ക് പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം ഗവൺമെൻറ് ആശുപത്രി, കലവൂർ, സി.എച്ച്.സി, മുഹമ്മ എന്നിവിടങ്ങളിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ച് ഓണറേറിയം നല്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മേൽ രണ്ട് പ്രോജക്റ്റുകളിലുമായി ചെലവഴിച്ച 108000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-3 ഹരിത പെരുമാറ്റച്ചട്ട വ്യാപനം - പ്രോജക്ടിനായി വാങ്ങിയ സാധനങ്ങൾ വിതരണം നടത്തിയിട്ടില്ല.

നിർവ്വഹണം-സെക്രട്ടറി

പ്രോജക്റ്റ് നം. -S0051/19

അടങ്കൽ -4,86,200/-(വികസന ഫണ്ട്)

-10,00,000/- (ശുചിത്വമിഷൻഫണ്ട്)

ചെലവ് – 319680 (വികസന ഫണ്ട്)

– 58660 (സംസ്ഥാനാവിഷ്കൃത ഫണ്ട്)

നിർവ്വഹണം- സെക്രട്ടറി

സെക്രട്ടറി നടപ്പാക്കിയ ഹരിത പെരുമാറ്റച്ചട്ട വ്യാപനം-സർക്കാർ സ്ഥാപനങ്ങളിലും വീടുകളിലും - ഇതര സ്ഥാപനങ്ങളിലും - എന്ന പ്രോജക്റ്റിന്റെ ഭാഗമായി സ്റ്റീൽ പാത്രം, പ്ലാസ്റ്റിക് ബിൻ, പേനക്കുട എന്നിവ വിതരണം ചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്തിലെ സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കി സാധനങ്ങൾ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. എന്നാൽ ഇവ വിതരണം നടത്തിയിട്ടില്ല. വാങ്ങിയ സാധനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക-ബിൽ നം./ തീയതി | വിതരണക്കാർ |
|---|---|---|---|
| 1 | പേനാക്കുട-26എണ്ണം | 26X1700=44,200/- 81/18-19/04-02-19 | ശ്രീ.വിശ്വംഭരൻ,പടിശ്ശേരിൽ,മുഹമ്മ |

| | | | |
|---|---|---|---|
| 2 | പ്ലാസ്റ്റിക് ബിൻ-200 | 200X850= 1,70,000/- (1) 123/18-19/25-03-19 (2)119/18-19/25-03-19 | അഫ്സൽ മെറ്റൽസ്, ആലപ്പുഴ |
| 3 | സ്റ്റീൽ ഗ്ലാസ്-360 | 360X18=6480 123/18-19/25-03-19 | |
| | സ്റ്റീൽ ജഗ്-54 | 54X190=10260 119/18-19/25-03-19 | |
| | ആകെ | 230940/- | |

സാധനങ്ങൾ വാങ്ങി സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യാനായി സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ആവശ്യകത നിർണ്ണയിച്ചിരുന്നോ, വാങ്ങിയ സാധനങ്ങൾ വിതരണം നടത്താതെ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നതിനുള്ള കാരണം എന്നീ വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/27.07.19) മറുപടി ലഭ്യമാക്കിയില്ല. വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്ന സാധനങ്ങളുടെ വിലയായ 2,30,940/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സാധനങ്ങൾ വിതരണം ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 അർഹതാ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രൊജക്റ്റ് നം.57/19

അടങ്കൽ 10,00,000
ആകെ ചെലവ് – 10,00,000/-

| ബിൽ നം./തീയതി | തുക |
|---|---|
| 1/29.9.18 | 192440 |
| 2/21.12.18 | 159460 |
| 2/15.1.19 | 648100 |

തൻവർഷം കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി നെൽകൃഷി വികസനം എന്ന പ്രൊജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്. സബ്സിഡി മാർഗനിർദേശ പ്രകാരം ഒരു ഹെക്ടറിന് 17000/- രൂപ വീതം (250 സെന്റ് @ 17,000) കൂലിചെലവ് നൽകാവുന്നതാണ്. എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള വില്ലേജ് ഓഫീസിലെ കരം ഒടുക്കിയ രസീത് പരിശോധിച്ചതിൽ സ്ഥലവിസ്തൃതിക്കനുസരിച്ചല്ല ആനുകൂല്യം നൽകിയതെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | ഗുണഭോക്താവിന്റെ പേര് | കരം ഒടുക്കിയ രസീത് പ്രകാരം ഉള്ള സ്ഥലവിസ്തൃതി (സെന്റ്) @68 | നൽകിയ തുക | നല്കാവുന്ന തുക | അധികം നൽകിയത് | ട്രഷറി ബിൽ നം./ തീയതി |
|---|---|---|---|---|---|---|
| 1 | രേവമ്മ,വേലിശ്ശേരി വെളി,പൊന്നാട് | 218 | 24684 | 14824 | 9860 | 3/15.1.19 |
| 2 | വി.ജി.പ്രഭു,വേലിശ്ശേരി വെളി,പൊന്നാട് | 244.85 | 28696 | 16650 | 12046 | 3/15.1.19 |
| 3 | സതീശൻ,മരോട്ടിച്ചുവട്,മണ്ണഞ്ചേരി | 140.049 | 23188 | 9523 | 13665 | 3/15.1.19 |
| 4 | സമദ്,വടക്കഞ്ചേരിയിൽ,കൈചൂണ്ടി | 69.654 | 27132 | 4737 | 22395 | 3/15.1.19 |

| | | | | | | |
|---|---|---|---|---|---|---|
| 5 | പി.എ.അബൂബേക്കർ,പാലേപറമ്പ്,പൊന്നാട് | 101.27 | 20876 | 6887 | 13989 | 3/15.1.19 |
| 6 | കുര്യച്ചൻ,നടുചിറയിൽ,മണ്ണഞ്ചേരി | 217.45 | 18904 | 14787 | 4117 | 3/15.1.19 |
| 7 | പരീത്.കെ.കെ,കൊച്ച്നെല്ലിക്കൽ | 115.35 | 20400 | 7843 | 12557 | 3/15.1.19 |
| 8 | ആനന്ദൻ,കൈകാട്,പൊന്നാട് | 83.60 | 8636 | 5685 | 2951 | 3/15.1.19 |
| 9 | അനിൽകുമാർ,തോട്ടുങ്കൽ,മുഹമ്മ | 145.72 | 22508 | 9909 | 12599 | 3/15.1.19 |
| 10 | സജി.ററി,തകിടിയിൽ | 70.32 | 11900 | 4782 | 7118 | 3/15.1.19 |
| 11 | സനിൽകുമാർ,കൃഷ്ണാഞ്ജലി,കാവുങ്കൽ | 21.85 | 15776 | കരം അടച്ച രസീതില്ല | 15776 | 3/15.1.19 |
| 12 | ഗിരിജാ രാജൻ, താരേഴത്ത്,മുഹമ്മ | ,, | 5440 | സ്ഥല വിസ്തൃതി ലഭ്യമല്ല. | 5440 | 3/15.1.19 |
| 13 | ദിലീപ്കുമാർ, | ,, | 27200 | കരം അടച്ച രസീതില്ല. | 27200 | 1/29.9.18 |
| 14 | ജയപ്രകാശ്,ശബരിനിവാസ് | ,, | 27200 | കരം അടച്ച രസീതില്ല | 27200 | 1/29.9.18 |
| | | ആകെ | | | 186913 | |

മതിയായ ചെലവ് രേഖകളുടെ അഭാവത്തിൽ ഇതിനു വേണ്ടി ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 സബ്സിഡി കൈപ്പറ്റിയ ഗ്രൂപ്പുകൾ തുടർ പ്രവർത്തനം നടത്തുന്നില്ല

പ്രോജക്ട് നം. S0045/19

അടങ്കൽ - 11,04,080/- വികസന ഫണ്ട് (ടി.എസ്.പി.)

- 65,920/- തനത് ഫണ്ട്

-11,70,000/- ഗുണഭോക്തൃവിഹിതം

ചെലവ് - 3,30,000/- ബിൽ നം. 1/18-19 തീയതി 18.01.19

ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പരമ്പരാഗത കൈത്തൊഴിൽ (കയർ) ഗ്രൂപ്പുകൾക്ക് ധനസഹായം എന്ന പ്രോജക്ട് പ്രകാരം ഈ മേഖലയുമായി ബന്ധപ്പെട്ട 11 ഗ്രൂപ്പുകൾക്ക് 30,000/-രൂപ വീതം ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.

ഗ്രൂപ്പുകളുടെ ബാങ്ക് പാസ്ബുക്ക്,ക്യാഷ് ബുക്ക്,മിനിട്സ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും ഗ്രൂപ്പുകളുടെ നിലവിലെ ആസ്തിയുടെ വിവരവും അറിയിക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/26.07.19) ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല എന്നും ഗ്രൂപ്പുകളുടെ മിനിട്സ് ബുക്കും പാസ് ബുക്കും പരിശോധിച്ചതിനുശേഷമാണ് അക്കൗണ്ടിലേയ്ക്ക് ധനസഹായം നൽകിയത് എന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. വിനിയോഗിച്ച രേഖകൾ പരിശോധിച്ചതിൽ ഈ തുക ഉപയോഗിച്ച് എല്ലാ ഗ്രൂപ്പുകളും ചകിരി വാങ്ങിച്ച ശേഷം വാങ്ങിയ ചകിരി അതാത് ഗ്രൂപ്പിലെ അംഗങ്ങൾക്ക് വിഭജിച്ച് കൊടുക്കുക എന്ന പ്രവർത്തനം മാത്രമാണ് നടത്തിയിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. ഗ്രൂപ്പുകൾ തുടർ പ്രവർത്തനം ഒന്നും തന്നെ നടത്തുന്നില്ല.

ഗ്രൂപ്പുകൾക്ക് സബ്സിഡിയായി സാമ്പത്തിക സഹായം നൽകുമ്പോൾ ലഭിക്കുന്ന വിറ്റുവരവ് ഗ്രൂപ്പിന്റെ തുടർപ്രവർത്തനത്തിന് ഉപയോഗിക്കേണ്ടതാണ്, ഇപ്രകാരം ഗ്രൂപ്പംഗങ്ങളുടെ സാമ്പത്തിക പുരോഗതിയാണ് ലക്ഷ്യമിടുന്നത്. ആനുകൂല്യം കൈപ്പറ്റുന്നതിനായി രൂപീകരിക്കപ്പെട്ട ഈ ഗ്രൂപ്പുകളുടെ തുടർ പ്രവർത്തനം നടക്കാത്തതിനാൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

## 3-6 മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവഹണം നടത്തിയ മരുന്നു വാങ്ങൽ പ്രോജക്ട് -മരുന്നു് ലഭ്യമായില്ല.

പ്രോജക്റ്റിന്റെ പേര് - സി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ

പ്രോജക്റ്റ് നമ്പർ – 25/19

ഫണ്ട് - തനത് ഫണ്ട്

നിർവ്വഹണം: മെഡിക്കൽ ഓഫീസർ (സി എച്ച് സി)

മെഡിക്കൽ ഓഫീസർ (സി എച്ച് സി) നിർവ്വഹണ ഉദ്യോഗസ്ഥയായി മുഹമ്മ സി എച്ച് സി ലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിനായി 3,00,000/- രൂപ തനത് ഫണ്ടിൽ നിന്ന് ചെക്ക് നം.2399105 തീയതി: 24.10.2018 പ്രകാരം 3,00,000/- രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകളൊന്നും ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നം-7) ന്, 3,00,000/- രൂപയുടെ മരുന്നുകൾ ആഗസ്റ്റ് ആദ്യവാരം തന്നെ സപ്ലൈ ചെയ്യുമെന്ന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ തിരുവനന്തപുരം ഹെഡ് ഓഫീസിൽ നിന്ന് അറിയിച്ചതായി മറുപടി നൽകിയിട്ടുണ്ട്. മരുന്ന ലഭ്യമാക്കാത്ത സാഹചര്യത്തിൽ 3,00,000/- രൂപ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# 3-7 ക്ഷീര വികസന ഓഫീസിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ - ടെണ്ടർ പരസ്യത്തിൽ സ്പെസിഫിക്കേഷൻ സൂചിപ്പിച്ചില്ല.

പ്രൊജക്റ്റ് നം. 66/19

അടങ്കൽ (തനത് ഫണ്ട്) - 2,00,000/- രൂപ

ചെലവ് തുക – 88,854/-

ചെക്ക് നം. 2789724/27.03.19

ക്ഷീരവികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീര വികസന ഓഫീസിലേക്ക് കംമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇതിനായി ക്ഷണിച്ച ടെണ്ടർ പരസ്യത്തിൽ വാങ്ങേണ്ട സാധനങ്ങളുടെ സ്പെസിഫിക്കേഷൻ സൂചിപ്പിച്ചിരുന്നില്ല. അതിന് പകരം Acer with UPS എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരുന്നത്. 2010-ലെ പ്രൊക്യുർമെന്റ് മാനുവൽ ഖണ്ഡിക 5.1 പ്രകാരം കഴിയാവുന്നിടത്തോളം ബ്രാന്റ് നെയിം സൂചിപ്പിക്കരുതെന്നും പ്രസക്തമായ സവിശേഷതകളും ആവശ്യമായ പ്രകടനവും സൂചിപ്പിച്ച കൊണ്ടുള്ള സ്പെസിഫിക്കേഷൻ ടെണ്ടറിൽ ഉൾപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്യിരിക്കുന്നു. സ്പെസിഫിക്കേഷൻ വ്യക്തമാക്കാതെ ബ്രാന്റ് നെയിം മാത്രം സൂചിപ്പിച്ച കൊണ്ട് ടെണ്ടർ ക്ഷണിച്ചത് പ്രൊക്യുവർമെന്റ് മാനുവലിലെ വ്യവസ്ഥകളുടെ ലംഘനമാണ്. തന്മൂലം ടെണ്ടർ നടപടികൾ ഫലപ്രദമായില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

# 3-8 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം- പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ

പ്രോജക്ട് നം. -S0101/19
നിർവ്വഹണം -സെക്രട്ടറി

അടങ്കൽ - 4,38,000/- വികസന ഫണ്ട് (ടി.എസ്.പി.

- 1,62,000/- തനത് ഫണ്ട്

ചെലവ് - 4,38,000/-

സെക്രട്ടറി നടപ്പാക്കിയപട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണംഎന്ന് പ്രോജക്ട് പ്രകാരം 3 ഗുണഭോക്താക്കൾക്ക് ചുവടെ ചേർക്കും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ഗുണഭോക്താവ് | നൽകിയ തുക/ ബിൽ നം./തീയതി | ആകെ നൽകിയ തുക |
|---|---|---|
| പ്രണവ് S/oബിസ്മിത | (1)50,000/-63/18-19/30-11-18(2)50,000/-94/18-19/25-02-19(3)58,000/-116/18-19/28-03-19 | 1,58,000/-(Roof) |
| നിഷാന്ത്S/oകാർത്തികേയൻ | (1)50,000/- 94/18- | 1,80,000/- |

| | | |
|---|---|---|
| | 19/25-02-19(2)1,30,000/-<br>116/18-19/28-03-19 | |
| അഭിജിത്.എസ് കുമാർS/oസുരേഷ് കുമാർ | (1)50,000/-62/18-19/30-11-18(2)50000/-95/18-19/25-02-19 | 1,00,000/-(Lintel level) |

സബ്സിഡി മാർഗ്ഗരേഖയിലെ (സ.ഉ.(കൈ) നം.22/2018/തസ്വഭവ, തീയതി: 14.02.18) നിബന്ധന 7.2.17 പ്രകാരം പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി 2 ലക്ഷം രൂപ ആകെ നൽകാവുന്നതും അതിൽ 50,000/- രൂപ മുൻകൂറായി നൽകാവുന്നതുമാണ്. എന്നാൽ ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള സാമ്പത്തിക സാഹചര്യങ്ങൾ ഇല്ലാത്തതിനാൽ വിവിധ സ്റ്റേജുകളിലായി വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ട്. (02.02.19 ലെ1(2):ാം നം. തീരുമാനം). ഫയൽ പരിശോധിച്ചതിൽ 1,80,000/- രൂപ കൈപ്പറ്റിയ നിഷാന്ത് S/o കാർത്തികേയൻ എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം എൽ.എസ്.ജി.ഡി.അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ ഒരു എസ്റ്റിമേറ്റ് മാത്രമാണ് ഉള്ളത്. പഠനമുറിയുടെ വിവിധ സ്റ്റേജുകളിലുള്ള പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ടി ഗുണഭോക്താവിന്റെ വാല്യുവേഷൻ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും മേൽ സൂചിപ്പിച്ച മറ്റ് ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന വിവരം അറിയിക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/24.07.19) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ നിഷാന്ത് S/o കാർത്തികേയൻ എന്ന ഗുണഭോക്താവിന് നൽകിയ തുക 1,80,000/- തടസ്സപ്പെടുത്തുന്നു. പ്രോജക്ട് ലക്ഷ്യം പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ അഗതി രഹിത കേരളം - വിഹിതം നൽകൽ, ലൈഫ് ഭവന പദ്ധതി (SCP) ഗ്രാമ പഞ്ചായത്തുകൾക്കുള്ള വിഹിതം നൽകൽ, ഹരിത കിരണം – പ്ലാസ്റ്റിക് സ്മാർട്ട് ആര്യാട് എന്നീ പ്രോജക്ടുകൾ പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം/ പ്രോജക്ടിന്റെ പേര് | ഗ്രാമപഞ്ചായത്ത് | നൽകിയ തുക- ബിൽ നം. / തീയതി | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയത് | വിനിയോഗ സാക്ഷ്യപത്രംലഭ്യമാക്കാത്തത് |
|---|---|---|---|---|
| 54/19 അഗതി രഹിത കേരളം- വിഹിതം നൽകൽ | ആര്യാട് | 1,00,000/-11/8-19/30-06-18 | 1,00,000/- | ഇല്ല |
| | മുഹമ്മ | 1,00,000/-/31/18-19/27-09-18 | 1,00,000/- | ഇല്ല |
| | മണ്ണഞ്ചേരി | 1,00,000/-/31/18-19/127-09-18 | ഇല്ല | 1,00,000/- |
| | മാരാരിക്കുളം തെക്ക് | 1,00,000/-39/18-19/27-09-18 | ഇല്ല | 1,00,000/- |
| S0090/19 ലൈഫ് ഭവന പദ്ധതി(SCP)ഗ്രാമ പഞ്ചായത്തുകൾക്കുള്ള വിഹിതം നൽകൽ | മണ്ണഞ്ചേരി | 6,63,600/- 12/18-19/30-06-18 | 4,83,600/- | 1,80,000/- |
| | ആര്യാട് | (1)4,64,500/-17/18-19/12-07-18<br>(2)4,64,500/-<br>35/18-19/27-09-18<br>929000 | 2,50,200/- | 6,78,800/- |
| S0120/19 ഹരിത കിരണം- പ്ലാസ്റ്റിക് സ്മാർട്ട് | ആര്യാട് | 15,00,000/- 96/18-19 21.03.2019 | 10,24,240/- | 4,75,760/- |

| | | | | |
|---|---|---|---|---|
| ആര്യാട് | | | | |
| ആകെ | | | | 15,34,560/- |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത15,34,560/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

കുറിപ്പുകൾ

(1) വാർഷിക കണക്കുകൾക്കൊപ്പം ഹാജരാക്കേണ്ടതായ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്),അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ,ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

(2) സംയുക്ത പ്രോജക്റ്റിലേക്ക് ലഭിച്ച ഫണ്ടിന്റെ വരവ് ചെലവുകൾക്ക് ACR തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച വരവ് ചെലവുകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

**4-2. <u>സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2018-19 | 1300000 | ആർദ്രം | 640425 | 659575 |
| | | 500000 | സ്ത്രീസൗഹൃദ ആര്യാട് | 28381 | 471619 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1000000 | വയോജനസൗഹൃദക്കൂട്ടം | 667255 | 332745 |

**4-3. <u>ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ</u>**

ഇല്ല

**4-4. <u>മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്</u>**

ഇല്ല

**4-5. <u>വായ്പ/ വായ്പ തിരിച്ചടവ്</u>**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ(സാ)നം.637/2010 dtd. 25.02.2010 | 12245063/- | 1358297/- | 1131914 | | 226383 |

**4-6. <u>സ്ഥിരനിക്ഷേപങ്ങൾ</u>**

ഇല്ല

**4-7. <u>ഓഡിറ്റ് റിക്കവറി</u>**

ഇല്ല

**4-8. <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.</u>**

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | | | 4.1.5 | കയർ കോമൺ ഫെസിലിറ്റി സെന്റർ | ടി കെട്ടിടവും സ്ഥലവും അസാപ്പിന് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ട് |
| 2014-14 | | | 4.1.14 | ഇ-ടോയ് ലെറ്റ് നിർമ്മാണം | ഇ-ടോയ് ലെറ്റ് സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിന് മുഹമ്മ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |

**4-9. ചാർജ് / സർചാർജ് നടപടികളുടെ വിവരം**

**ഇല്ല**

**4-10. <u>ഓഡിറ്റ് പ്രത്യവലോകനം</u>**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56788934 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57883812 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 27,65,413 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2,25,000 | അനൂപ റ്റി,എസ്.സി.ഡി.ഒ |
| 3-2 (1) | 54,000 | ഡോ.കാർത്തിക.എം, മെഡിക്കൽ ഓഫീസർ ചെട്ടികാട് |
| 3-2 (2) | 54,000 | ഡോ.ശ്രീദേവി.എസ്,മെഡിക്കൽ ഓഫീസർ മുഹമ്മ |
| 3-3 | 2,30,940 | ആർ.രജിത്ത്,ബി.ഡി.ഒ. |
| 3-4 | 1,86,913 | സഫീന കെ.എസ്,കൃഷി അസി.ഡയറക്ടർ |
| 3-6 | 3,00,000 | ഡോ.ശ്രീദേവി.എസ്,മെഡിക്കൽ ഓഫീസർ മുഹമ്മ |
| 3-8 | 1,80,000 | ആർ.രജിത്ത്,ബി.ഡി.ഒ. |
| 3-9 | 15,34,560 | ആർ.രജിത്ത്,ബി.ഡി.ഒ. |
| ആകെ | 27,65,413 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അപ്പൻ എസ് അസിസ്റ്റന്റ്.എക്സി.എഞ്ചിനിയർ | അസിസ്റ്റന്റ് എക്സി.എഞ്ചിനിയർ,എൽ.എസ്.ജി.ഡി. സബ്ഡിവിഷൻ,വർക്കല | ശ്രീശക്തി, 54/1120(2)എടഗ്രാം, കരിമൺ പി.ഒ,തിരുവനന്തപുരം |
| അനൂപ റ്റി,എസ്.സി.ഡി.ഒ | ജൂനിയർ സൂപ്രണ്ട്, ജില്ലാ പട്ടികജാതി ഓഫീസ് | വിഷ്ണു ഭവൻ, കലവൂർ പി.ഒ,ആലപ്പുഴ |
| ലിഷ സേവ്യർ,സി.ഡി.പി.ഒ, | സി.ഡി.പി.ഒ,ആര്യാട് | തയ്യിൽ ഹൗസ്, അരൂർ,ആലപ്പുഴ |
| സി.ഡി.പി.ഒ | | |
| ആർ.രജിത്ത്,ബി.ഡി.ഒ. | ബി.ഡി.ഒ. ആര്യാട് ബ്ലോക്ക് പഞ്ചായത്ത് | മുണ്ടകച്ചിറ, കോട്ടേമുറി, തൃക്കുന്നപ്പുഴ പി.ഒ |
| സഫീന കെ.എസ്, കൃഷി അസി.ഡയറക്ടർ | കൃഷി അസി.ഡയറക്ടർ, ആലപ്പുഴ | കളിയിക്കൽ, പുത്തൻവീട്, പേരാവള്ളി പി.ഒ |
| സിബിമോൾ റ്റി.എസ്, വ്യവസായ വികസന ഓഫീസർ | റ്റി.എസ്, വ്യവസായ വികസന ഓഫീസർ, താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസ്, ആലപ്പുഴ | കൃഷ്ണകൃപ, അവലൂക്കുന്ന് പി.ഒ, സൗത്ത് ആര്യാട്, ആലപ്പുഴ |
| ഡോ.ശ്രീദേവി.എസ്, മെഡിക്കൽ ഓഫീസർ മുഹമ്മ | അസി.സർജൻ,സി.എച്ച്.സി,മുഹമ്മ | വിശ്വമംഗലം, കരുമാടി പി.ഒ, അമ്പലപ്പുഴ |
| ഡോ.കാർത്തിക .എം, മെഡിക്കൽ ഓഫീസർ, ചെട്ടികാട് | അസോസിയേറ്റ് പ്രൊഫസർ, കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ട്മെന്റ്, റ്റി.ഡി.എം.സി, ആലപ്പുഴ | കൊറ്റാൽ ഭഗവതിപ്പടി, പത്തിയൂർ പി.ഒ, കായംകുളം |

**4-11. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ജിഎ5/ബി.പി.അദാലത്ത് 26(86)/14, തീയതി31.03.2014 |
| 1998-99 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്26(87)/14 തീയതി31.03.2014 |
| 1999-00 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്26(88)/14 തീയതി.31.03.14 |
| 2000-01 | എൽ.എഫ്.എ.ബി.പി./അദാലത്ത്26(89)/14 തീയതി. 31.03.14 |
| 2001-02 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(90)/14 തീയതി. 31.03.14 |
| 2002-03 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(91)/14 തീയതി. 31.03.14 |
| 2003-04 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(92)/14 തീയതി. 31.03.14 |
| 2004-05 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(93)/14 തീയതി. 31.03.14 |
| 2005-06 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(94)/14 തീയതി. 31.03.14 |
| 2006-07 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(95)/14 തീയതി. 31.03.14 |
| 2007-08 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(96)/14 തീയതി. 31.03.14 |
| 2008-09 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(97)/14 തീയതി. 31.03.14 |
| 2009-10 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(98)/14 തീയതി. 31.03.14 |
| 2010-11 & 2011-12 | എൽ.എഫ്.എ.ബി.പി 494/2013 തീയതി23.10.13 |
| 2012-13 | എൽ.എഫ്.എ.ബി.പി.437/2015 തീയതി 10.06.15 |
| 2013-14 & 2014-15 | കെ .എസ്.എ/എ.എൽ.പി.ബി.പി/1571/2015 തീയതി 15.12.15 |
| 2015-16 | കെ .എസ്.എ/എ.എൽ.പി.ബി.പി/211/2017/തീയതി13.03.17/22.03.17 |
| 2016-17 | കെ .എസ്.എ/എ.എൽ.പി.ബി.പി/1451/17 തീയതി 01.12.17 |
| 2017-18 | കെ .എസ്.എ/എ.എൽ.പി.ബി.പി/150/19 തീയതി 07.02.19 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

# അനുബന്ധം - 1 .

നം. കെ.എസ്.എ-എ.എൽ.പി/ബി.പി-791/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ

ഫോൺ - 0477 2252753

ഇ-മെയിൽ - ddhglfalpy@gmail.com

തീയതി: 16.09.2019

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/BP-791/2019

Kerala State Audit Department,

District Audit Office, Alappuzha.

Date: 16.09.2019

Ph: 0477 2252753

E-mail : ddhglfalpy@gmail.com

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Aryad Block Panchayat in Alappuzha District for the year ended on 2018-19 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Aryad Block Panchayat for the year 2018-19 except the observations in my audit report Para 4-14, properly presents the picture of income and expenditure.

Senior Deputy Director,

Kerala State Audit Department,

Alappuzha

## അനുബന്ധം - 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം